# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1350

14/06/2013-ൽ മറുപടിക്ക്

## കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാമ്യൂസിയം നവീകരണം

ചോദ്യം

ശ്രീമതി. പി. അയിഷാ പോറ്റി.

ഉത്തരം

ശ്രീ. കെ.സി. ജോസഫ്

(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാമ്യൂസിയം നവീകരണത്തിനായി കേരള കലാമണ്ഡലം വഴി നടത്തുന്ന പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ ; | (എ) | കൊട്ടാരക്കര തമ്പുരാൻ മ്യൂസിയത്തിലെ നവീകരണ പ്രവർത്തനങ്ങൾക്കായി കേരള കലാമണ്ഡലത്തിന് 8,00,000/- (എട്ടു ലക്ഷം രൂപ മാത്രം) രൂപയുടെ പ്രവർത്തികൾ ചെയ്യുന്നതിനായി പുരാവസ്തുവകുപ്പ് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | കലാമണ്ഡലം മുഖാന്തിരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നവീകരണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ ; | (ബി) | ഇപ്പോഴുള്ള പ്രതിമകളുടെ കേടുപാടുകൾ തീർക്കുക, ഇവയ്ക്കു പുറമെ രാമായണ കഥാപാത്രങ്ങൾ ഉൾപ്പെടുത്തുക, അഞ്ച് കഥകളി വേഷക്കോപ്പും ഒരു കൂടിയാട്ട വേഷക്കോപ്പും, മൂന്ന് നൃത്തവേഷങ്ങളും പുതിയതായി ഉണ്ടാക്കുക, ചില്ലുകൂട് നിർമ്മിക്കുക, വിവരങ്ങൾ നൽകുന്നതിന് സംവിധാനം ഒരുക്കുക, കൊട്ടാരക്കര തമ്പുരാന്റെ പ്രതിമ സ്ഥാപിക്കുക, രാമനാട്ട ചരിതം, കഥകളി, വേഷസങ്കൽപ്പം എന്നിവയുടെ വിവരണങ്ങൾ തയ്യാറാക്കുക മുതലായവ |
| (സി) | പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾക്ക് ചെലവഴിക്കുന്നതിനാവശ്യമായ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (സി) | കഥകളി വേഷങ്ങൾ 5 എണ്ണം - 5,90,000/-<br>സ്ത്രീ വേഷം 1 എണ്ണം - 50,000/-<br>നൃത്ത വേഷം 3 എണ്ണം - 90,000/-<br>ലിഖിത വിവരം - 20,000/-<br>പ്രതിമകൾ കേടുപാട് തീർക്കൽ - 30,000/-<br>അമ്പ്,വില്ല്, ഗദ, വാൾ, ലിഖിത വിവരം - 20,000/-<br>ആകെ - 8,00,000/-<br>(എട്ടു ലക്ഷം രൂപ മാത്രം) |

സെക്ഷൻ ഓഫീസർ